സംരംഭങ്ങളുടെ പ്രായോഗിക വശങ്ങളെക്കുറിച്ചും നിയമസാധുതകളെക്കുറിച്ചും കൂടുതൽ പരിശോധിക്കാനായി രൂപീകരിച്ചിട്ടുള്ള പ്രസ്തുത ഉപസമിതിയുടെ പ്രാരംഭ യോഗത്തിൽ, വ്യക്തികൾ/സംഘടനകൾ/വ്യാപാരമേഖലയിലുള്ളവർ/കമ്പനികൾ എന്നിവർ ഉൾപ്പെടുന്ന പൊതുജനങ്ങളിൽനിന്നും വിഷയസംബന്ധമായ കാര്യങ്ങളിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ഔഷധ വ്യാപാരം നിയമാനുസൃതമാക്കുന്നതിലേയ്ക്കായിട്ടുള്ള ഭേദഗതികൾ കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940-ലും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945-ലും വരുത്തുമെന്നാണ് പ്രതീക്ഷ.

പാചകവാതക വിതരണ ശൃംഖലയിലെ തൊഴിൽ പ്രശ്നങ്ങൾ

29 (*89) ശ്രീ. കെ. എം. ഷാജി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാചകവാതക വിതരണ ശൃംഖലയിൽ തുടരെ ഉണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കയറ്റിറക്ക് തൊഴിലാളികൾ, ലോറിതൊഴിലാളികൾ, ഫില്ലിംഗ് തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങൾ ഒറ്റതിരിഞ്ഞും, കൂട്ടായും ഉത്സവ സീസണുകളോടനുബന്ധിച്ച് പണിമുടക്കുന്നതുമൂലം പാചകവാതകം ലഭിക്കാതെ പൊതുജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഉണ്ട്. സ്റ്റേറ്റ് ഗവൺമെന്റിന്റെ അധികാര പരിധിയിൽ വരുന്ന തൊഴിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ ബന്ധപ്പെട്ട അനുരഞ്ജന ഉദ്യോഗസ്ഥർ 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമപ്രകാരം അനുരഞ്ജന ചർച്ചകൾ നടത്തുകയും ഒത്തുതീർപ്പിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. കൂടാതെ ജില്ലാ ഭരണകൂടവും യഥാസമയം പ്രശ്നത്തിൽ ഇടപെട്ട് പ്രശ്നപരിഹാരം കാണാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാചകവാതക വിതരണ മേഖലയിലെ മിന്നൽ പണിമുടക്കുകൾ നിത്യജീവിതത്തെ ബാധിക്കുന്നതായി കണ്ടെത്തിയതിനെതുടർന്ന് ഈ മേഖലയിലെ വിവിധ വിഭാഗം തൊഴിലുകളെ 1994-ലെ കേരള എസൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ആക്ടിന്റെ പരിധിയിൽ വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാലയ ആരോഗ്യം പദ്ധതി

30 (*90) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയ ആരോഗ്യം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് വിദ്യാലയ ആരോഗ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും, ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി 2009-ൽ 10%-ത്തോളം സ്കൂളുകളിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കു വ്യാപിപ്പിക്കുകയുണ്ടായി. പുതുതായി ഉൾപ്പെടുത്തിയ സ്കൂളുകളിൽ പദ്ധതി പൂർണ്ണ രൂപത്തിൽ പ്രവർത്തന സജ്ജമാക്കുന്നതിലേക്കുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

(ബി) വിദ്യാലയ ആരോഗ്യ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

1. കുട്ടികളിൽ സർവ്വസാധാരണയായി കാണുന്ന അസുഖങ്ങൾ കാലേക്കൂട്ടി കണ്ടുപിടിച്ച് ചികിത്സിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly